# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2434 12.06.2018- ൽ മറുപടിക്ക്

## മാർജിൻ മണി ലോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| എ) | ചെറുകിട സംരംഭകർക്ക് നൽകിക്കൊണ്ടിരുന്ന മാർജിൻ മണി ലോൺ സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ഏതു വർഷം വരെ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | എ) | ഇല്ല; 2012-13 വരെ മാർജിൻ മണി പദ്ധതി നിലവിലുണ്ടായിരുന്നു. |
| ബി) | മാർജിൻ മണി ലോൺ എടുത്ത് സംരംഭങ്ങൾ തുടങ്ങി പിന്നീട് നഷ്ടത്തിലായി സംരംഭം നിർത്തിയവരിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | ബി) & സി) | മാർജിൻ മണി ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട് 24.03.2017-ലെ GO(Ms) 459/17/വ്യവ. ഉത്തരവ് പ്രകാരം രണ്ട് കാറ്റഗറികളായി തരംതിരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. എല്ലാത്തരം വായ്പയെടുത്ത് നഷ്ടത്തിലായ സംരംഭകരെ OTS പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |
| സി) | ഉണ്ടെങ്കിൽ വ്യവസായം നടത്തി നഷ്ടം വന്ന് കടത്തിൽ ആയി ദുരിതം പേറുന്ന സംരംഭകന് പരമാവധി ആശ്വാസം നൽകുന്നതിനും സർക്കാരിന് മുടക്കുമുതലെങ്കിലും തിരികെ ലഭിക്കുന്നതിനും ആവശ്യമായ രീതിയിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ